മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# വന്യജീവി വാരാഘോഷം

**കോയമ്പത്തൂർ** ▸ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എ.വി.എസ്. കേന്ദ്രം വന്യജീവിവാരാഘോഷം സംഘടിപ്പിച്ചു. കോവിഡിന്റെ പശ്ചാത്തലത്തിൽ ഫേസ്ബുക്കിലൂടെ ഓൺലൈനായി നടത്തിയ പരിപാടി ഐ.എഫ്.ജി.ടി.ബി. ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു. നേരിട്ട് വന്യജീവികളിൽനിന്ന് നമുക്ക് എന്ത് ലഭിക്കുന്നുവെന്നതിലുപരി പരിസ്ഥിതിയുടെ സന്തുലനാവസ്ഥ പാലിക്കുന്നതിലാണ് വന്യജീവികളുടെ അതുല്യമായ സംഭാവനയെന്ന് അദ്ദേഹം വിശദീകരിച്ചു.

വനജനിതകശാസ്ത്രജ്ഞനും എൻ.വി.എസ്. കോ-ഓർഡിനേറ്ററുമായ ഡോ. കണ്ണൻ വാര്യർ മുഖ്യപ്രഭാഷണം നടത്തി. വന്യജീവിയെന്ന പദം നാം വളർത്തിവരാത്ത മൃഗങ്ങളെയാണ് സാധാരണയായി സൂചിപ്പിക്കുന്നതെങ്കിലും മനുഷ്യസഹായമില്ലാതെ സ്വതന്ത്രമായി നിൽക്കുന്ന എല്ലാ ജന്തുക്കളും സസ്യങ്ങളും ഇതിൽ ഉൾപ്പെടുമെന്ന് അദ്ദേഹം പറഞ്ഞു. ഭൂമിയിലെ എല്ലാ ജീവജാലങ്ങളെയും നിലനിർത്തുകയെന്നതാണ് ലോകവന്യജീവി ദിനത്തിന്റെ പ്രമേയം. വന്യമൃഗങ്ങളുടെയും സസ്യജാലങ്ങളുടെയും സംരക്ഷണം ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസനലക്ഷ്യങ്ങൾ സാധൂകരിക്കുമെന്ന് അദ്ദേഹം വിശദീകരിച്ചു.

233. News in Mathrubhumi, Palakkad, 10.10.2020, Wildlife Week Celebrations by IFGTB ENVIS.